# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 10 | PUBLISHED FROM DELHI | PRICE Rs. 3/- | OCTOBER 2012


## സഭയുടെ മുന്നേറ്റത്തിന് യുവജന ശാക്തീകരണം അനിവാര്യം: പാസ്റ്റർ എം. സാമുവൽകുട്ടി

**ന്യൂഡൽഹി:** ദൈവസഭയുടെ മുന്നേറ്റത്തിന് യുവജന ശാക്തീകരണം അനിവാര്യമാണെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി.വൈ.എം.) ഡൽഹി റീജന്റെ നേതൃത്വത്തിൽ ഒക്ടോബർ 2-ാം തീയതി കിങ്ങ്സ്വേ ക്യാമ്പ് സഭയിൽ വച്ച് നടന്ന 19-ാമത് വാർഷിക സമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

“നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മകൊണ്ട് തൃപ്തി വരുത്തുന്നു” എന്ന് സങ്കീർത്തനം 103:5-ാം വാക്യം പറയുന്നു. അങ്ങനെയെങ്കിൽ നന്മകൊണ്ട് തൃപ്തിവരുത്തി നല്ല കഴുകനെപ്പോലെ യൗവ്വനം പുതുകിവരത്തക്കവണ്ണം പുതുക്കം പ്രാപിക്കുന്ന അനുഭവത്തിലേക്ക് കടന്നുവരുവാൻ നമ്മുടെ യുവജനങ്ങൾക്ക് ഇടയാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. ദൈവത്തെ കാത്തിരിക്കുന്നവരാണ് ശക്തിയെ പുതുക്കുന്നത്. കാരണം നമ്മുടെ ബലഹീനതകളിൽ തികഞ്ഞുവരുന്നതാണ് ദൈവശക്തി അഥവാ ദൈവകൃപ. ശാരീരികമായി ബലഹീനരായാലും തളർന്നുപോകാത്ത ഒരു ഹൃദയം, ക്ഷീണിച്ചുപോകാത്ത ഒരു ആത്മീയ ചൈതന്യം ജീവിതത്തിൽ നമുക്കുണ്ടാകട്ടെ. പൂർവ്വപിതാക്കന്മാരുടെ ചരിത്രങ്ങൾ നമുക്ക് മാർഗ്ഗദീപങ്ങളാണ്. ബലഹീനതയിലും മരണശയ്യയിലും ആത്മിക യൗവ്വനം അവരുടെ മുഖമുദ്രയായിരുന്നു.



എഫ്.സി.വൈ.എം. ഡൽഹി റീജന്റെ വാർഷിക സമ്മേളനം ഐ.സി.എ. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്യുന്നു. എഫ്.സി. വൈ.എം. പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. സുധാകരൻ സമീപം

എഫ്.സി.വൈ.എം. പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. സുധാകരന്റെ അദ്ധ്യക്ഷതയിൽ നടന്ന വാർഷിക സമ്മേളനത്തിൽ കാൽക്കാജി, ലാഡോസാരായി, കിങ്ങ്സ്വേ ക്യാമ്പ് എന്നീ സഭകളിലെ എഫ്.സി.വൈ.എം. അംഗങ്ങൾ അവതരിപ്പിച്ച പരിപാടികൾ എല്ലാം തന്നെ ഒന്നി

(ശേഷം രണ്ടാം പേജിൽ)

## റോബർട്ട് എഫ്. കുക്ക് ശതാബ്ദി ആഘോഷ ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** സുവിശേഷീകരണ ദർശനവുമായി 1913-ൽ ഭാരതമണ്ണിലെത്തിയ റോബർട്ട് എഫ്. കുക്കിന്റെ സേവനങ്ങളെ സ്മരിക്കുവാൻ ഭാരതത്തിലും പുറത്തുമുള്ള പെന്തക്കൊസ്തു സഭകൾ ഒരുങ്ങുന്നു. ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സ്ഥാപകനായ കുക്ക് സായ്പിന്റെ പ്രവർത്തനങ്ങളാണ് പലയിടത്തും പെന്തക്കൊസ്തു പ്രവർത്തനങ്ങൾക്കു തുടക്കമിട്ടത്. ഇതര പെന്തക്കൊസ്തു സഭകളുടെയും സംഘടനകളുടെയും സഹകരണത്തോടെയാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ നടക്കുന്നത്. മുളക്കുഴയിൽ കൂടിയ ആലോചനായോഗത്തിൽ ആഘോഷപരിപാടിയുടെ പ്രാരംഭ രൂപരേഖ തയ്യാറാക്കി. റോബർട്ട് എഫ്. കുക്ക് സെന്റിനറി സെലിബ്രേഷൻ കമ്മിറ്റിയുടെ രൂപീകരണവും നടന്നു.



റോബർട്ട് എഫ്. കുക്ക്

ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ നേതാക്കളായ റവ. കെൻ ആൻഡേഴ്സൻ, റവ. ഡെന്നിസ് ഹെഫ്നർ, റവ. റോളണ്ട് വാൺ, റവ. റിച്ചാർഡ് ബേക്കർ എന്നിവരെ കൂടാതെ പാസ്റ്റർമാരായ കെ.സി. ജോൺ, ജ്യോതി റെഡ്ഡി, പി.ജെ. ജെയിംസ്, എം. കുഞ്ഞപ്പി, കെ.എം. തങ്കച്ചൻ, സാം റ്റി. ജോസഫ്, എബി ജോർജ്ജ്, രാജൻ ശമുവേൽ, രാജു തോമസ്, ജി. ജ്ഞാനദാസ്, കെ.ഒ. മാത്യു, ജോ കുര്യൻ, കെ.ജെ. മാത്യു, പ്രഫ. സുശീൽ മാത്യു (ജനറൽ കോർഡിനേറ്റർ) തുടങ്ങിയവർ അന്തർദേശീയ തലത്തിൽ നേതൃത്വം നൽകും.

## പ്രഥമ ഗുഡ്ന്യൂസ് കൺവൻഷന് ആവേശകരമായ സമാപനം

**ന്യൂഡൽഹി:** ഗുഡ്ന്യൂസ് വാരികയുടെയും ശ്രീനിവാസപുരി പ്രെയ്സ് ചിൽഡ്രൻസ് ക്ലബിന്റെയും ആഭിമുഖ്യത്തിൽ നടന്ന പ്രഥമ ഗുഡ്ന്യൂസ് കൺവൻഷനു ആവേശകരമായ സമാപനം.

സെപ്റ്റംബർ 28-നു ശ്രീനിവാസപുരി നെഴ്സസ് റെസിഡൻഷ്യൽ കോംപ്ലക്സിൽ പാസ്റ്റർ രമേശ് മാധവന്റെ അദ്ധ്യക്ഷതയിൽ നടന്ന കൺവൻഷൻ ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി.വി. മാത്യു ഉദ്ഘാടനം ചെയ്തു.

ഗുഡ്ന്യൂസിന്റെ പ്രഥമ കൺവൻഷനു തലസ്ഥാന നഗരിയിൽ തുടക്കം കുറിക്കാൻ പ്രവർത്തകർക്കു സാധിച്ചതിലുള്ള സന്തോഷം പങ്കുവച്ച അദ്ദേഹം തുടർന്നും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഗുഡ്ന്യൂസ് കൺവൻഷനുകൾ നടത്തുവാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു.

ലോകശക്തികളും മതങ്ങളും സംഘടനകളും ഒന്നിച്ചുപ്രവർത്തിക്കുവാൻ തുടങ്ങിയ ഈ നാളുകളിൽ ദൈവമക്കളും സഭാവ്യത്യാസങ്ങൾ മറന്ന് ഒന്നിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

പാസ്റ്റർ തോമസ് ഫിലിപ്പ് (കേരളം) മുഖ്യപ്രസംഗകനായിരുന്നു. മനസ്സലിവുള്ള യേശു മരുഭൂമിയിലും അത്ഭുതം ചെയ്യുന്നവനാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. യോഹന്നാൻ 6:24-27 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. അത്ഭുതങ്ങൾക്ക് മുമ്പിൽ തടസ്സങ്ങൾ ഉണ്ട്. എന്നാൽ, നമ്മുടെ കൈയ്യിലുള്ളത് യേശുവിന് സമർപ്പിച്ചാൽ അവിടുന്ന് അത്ഭുതം പ്രവർത്തിക്കും.

29-നു നെഴ്സസ് റെസിഡൻഷ്യൽ ഓഡിറ്റോറിയത്തിൽ പകൽ 10-1 വരെ ലീഡേഴ്സ് സെമിനാർ നടന്നു. ഉച്ചയ്ക്ക് ശേഷം ഗുഡ്ന്യൂസ് പ്രതിനിധി സമ്മേളനവും നടന്നു.

രാത്രിയോഗത്തിൽ പാസ്റ്റർ എൻ. ജി. ജോൺ അദ്ധ്യക്ഷനായിരുന്നു. ക്രിസ്റ്റർ സെബാസ്റ്റ്യനു ലഭിച്ച അത്ഭുത വിടുതലിന്റെ സാക്ഷ്യം പിതാവ് പാസ്റ്റർ എഫ്. സെബാസ്റ്റ്യൻ പങ്കുവച്ചു.

30-നു എൻ.ആർ.സി. ബ്ലോക്ക് 1-ൽ ഉള്ള പാസ്റ്റർ റ്റി.എം. ജോസഫിന്റെ ഭവനത്തിൽ ആരാധന നടന്നു.

പാസ്റ്റർ ജോർജ്ജ് കെ. തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ വടക്കെ ഇന്ത്യയിലെ പ്രാരംഭകാല സുവിശേഷ പ്രവർത്തകരിൽ പ്രമുഖരായ ഡോ. പോൾ പിള്ള, മിസിസ്സ് പോൾ പിള്ള, മിസിസ്സ് മേരിക്കുട്ടി തോമസ് എന്നിവരെ ആദരിച്ചു. ബ്രദർ എം. ജോണിക്കുട്ടി ഇവരെ സദസിനു പരിചയപ്പെടുത്തി. പാസ്റ്റർ കെ. ജോയി

(ശേഷം രണ്ടാം പേജിൽ)




പാസ്റ്റർ തോമസ് ഫിലിപ്പ് പ്രസംഗിക്കുന്നു. പരിഭാഷ: പാസ്റ്റർ ജോൺസൺ ആർ. പാസ്റ്റർമാരായ സി.വി. മാത്യു, എം. സാമുവൽകുട്ടി, കെ. ജോയി, മിസിസ്സ്, മേരിക്കുട്ടി തോമസ് എന്നിവർ വേദിയിൽ

## കാന്ദമാൽ സംഭവം: അന്വേഷണത്തിന് ജസ്റ്റിസ് നായിഡു പുതിയ കമ്മിഷൻ

**ഭുവനേശ്വർ:** ഒഡീഷയിലെ കന്ദമാലിൽ 2008ൽ ക്രൈസ്തവർക്കെതിരെ നടന്ന പീഢനങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന ഏകാംഗകമ്മിഷനായി ഒഡീഷ ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എ.എസ്. നായിഡു ചുമതലയേറ്റു. അന്വേഷണം തുടർന്നുവന്ന ജസ്റ്റിസ് എസ്. സി. മൊഹപാദ്രയുടെ മരണത്തെ തുടർന്നാണ് സംസ്ഥാന സർക്കാർ ജസ്റ്റിസ് നായിഡുവിനെ നിയോഗിച്ചത്.

1973ൽ നായിഡു സംസ്ഥാന സർക്കാരിന്റെ വിവിധ ജുഡീഷ്യൽ കമ്മിഷനുകളിൽ അംഗമായിരുന്നിട്ടുണ്ട്.

2008ൽ നിലവിൽ വന്ന അന്വേഷണക്കമ്മീഷൻ ആറു മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, അന്വേഷണത്തിനു കൂടുതൽ സമയം ആവശ്യപ്പെട്ടതനുസരിച്ച് അഞ്ചു തവണ നീട്ടുകയായിരുന്നു. സ്വാമി ലക്ഷ്മണാനന്ദയുടെ കൊലപാതകത്തിലേക്ക് നയിച്ച സംഭവപരമ്പരകളുടെയും അവയെ തുടർന്നുണ്ടായ ഹീനകൃത്യങ്ങളെയും കുറിച്ചാണ് കമ്മീഷൻ അന്വേഷിക്കേണ്ടത്.

കമ്മീഷൻ 2009 ജൂലൈ ഒന്നിനു 28 പേജുള്ള ഇടക്കാല റിപ്പോർട്ട് സർക്കാരിനു നൽകിയിരുന്നു. മൊഹപാദ്ര കമ്മീഷനു 700 അഫിഡവിറ്റുകളായിരുന്നു ലഭിച്ചത്. ഏറ്റവും ഒടുവിൽ മൂന്നു സാക്ഷികളെ ചോദ്യം ചെയ്തു വരുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ മരണം.

കാന്ദമാൽ സംഭവത്തിൽ നൂറുകണക്കിന് ആളുകൾ കൊല ചെയ്യപ്പെടുകയും നിരവധി പേർക്ക് ഭവനങ്ങൾ നഷ്ടമാവുകയും ചെയ്തിരുന്നു. പതിനായിരത്തോളം പേർ ഇനിയും തങ്ങളുടെ സ്വദേശത്തേക്ക് മടങ്ങിയെത്തിയിട്ടില്ല. ഇരുന്നൂറ്റി നാല്പത്തഞ്ചു കേസുകളിൽ അതിവേഗകോടതി എഴുപത്തിമൂന്നു കുറ്റവാളികളെ കണ്ടെത്തി. കുറ്റം ആരോപക്കപ്പെട്ട 2433 പേരിൽ 452 പേർ കുറ്റക്കാരാണെന്നു കണ്ടെത്തിയിട്ടുണ്ട്.

*കടപ്പാട്: ജി.എം. ന്യൂസ്*

### ഉൾപ്പേജുകളിൽ....


- **ദാരിദ്ര്യ നിർമാർജനം എന്ന ദൗത്യം:** പാസ്റ്റർ എം. സാമുവൽകുട്ടി
- **വിശ്വാസിയും മരണവും:** പാസ്റ്റർ ബിജു തങ്കച്ചൻ, മുംബൈ
- **മാധ്യമവും സുവിശേഷീകരണവും:** പാസ്റ്റർ ബിനോയി പി. ജോൺ
- **കൃപയുടെ വിദ്യാലയം:** പാസ്റ്റർ ബിജു ബഞ്ചമിൻ

പത്രാധിപ ലേഖനം.......

# ദാരിദ്ര്യ നിർമാർജനം എന്ന ദൗത്യം



ക്രൈസ്തവ സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്ന ദൗത്യം ഏതെന്ന് ചോദിച്ചാൽ മിക്കവരും ഒറ്റവാക്കിൽ മറുപടി പറയും, 'സുവിശേഷീകരണം' എന്ന്. സുവിശേഷീകരണം വഴി ദൈവരാജ്യസ്ഥാപനമാണ് സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന മുഖ്യദൗത്യമെങ്കിലും ആ ദൗത്യനിർവ്വഹണത്തിന്റെ ഭാഗങ്ങളായി പല കടമകളും വിശ്വാസികളുടെ മുന്നിൽ ഉണ്ട്. അതിൽ ഒന്നാണ് ദാരിദ്ര്യ നിർമാർജനം. ഈയ്യിടെ, എന്റെ സ്നേഹിതന് സൊജോണേഴ്സ് എന്ന അമേരിക്കൻ ക്രിസ്തീയ വേദിയിൽ നിന്നും ലഭിച്ച ഇ-മെയിൽ ആണ് ഈ വിഷയത്തെക്കുറിച്ച് എഴുതാൻ പ്രേരണയായത്.

ആസന്നമായ അമേരിക്കൻ തെരഞ്ഞെടുപ്പിൽ നിലവിലെ പ്രസിഡന്റായ ഡെമോക്രാറ്റിക് പാർട്ടി പ്രതിനിധി ബറാക്ക് ഒബാമയ്ക്കെതിരെ റിപ്പബ്ലിക്കൻ പാർട്ടി പ്രതിനിധി മിറ്റ് ഡിമനിയാണ് മത്സരിക്കുന്നത്. പാവങ്ങളെപ്പറ്റിയും പാർശ്വവൽക്കരിക്കപ്പെട്ടവരെപ്പറ്റിയും സംസാരിക്കാതെ മധ്യവർഗ്ഗത്തെക്കുറിച്ച് മാത്രമാണ് ഇതുവരെ നടന്ന തിരഞ്ഞെടുപ്പ് കൺവെൻഷനുകളിൽ സംസാരിച്ചതെന്ന് വേദി കുറ്റപ്പെടുത്തുന്നു. മധ്യവർഗ്ഗത്തിനുവേണ്ടി നിങ്ങൾ ചെയ്തത് എനിക്കുവേണ്ടി നിങ്ങൾ ചെയ്തിരിക്കുന്നു എന്നല്ല യേശു പറഞ്ഞത്. കൺവെൻഷനുകളിൽ ആവർത്തിച്ചു കേട്ട കാതലായ ഒരു വാക്ക് 'അവസരം' എന്നതാണ്. പുതിയ അവസരം സൃഷ്ടിക്കുന്നത് പാവപ്പെട്ട കുട്ടികളെയും ദരിദ്ര കുടുംബങ്ങളെയും ഉൾപ്പെടുത്തി ആയിരിക്കണം എന്നു ഉറപ്പാക്കണമെന്ന് വേദി അമേരിക്കൻ വോട്ടർമാരോട് ആവശ്യപ്പെടുന്നു.

പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ ലോകമെമ്പാടും അവഗണിക്കപ്പെടുമ്പോൾ ദാരിദ്ര്യം രൂക്ഷമാകുന്നു. 925 ദശലക്ഷം ആളുകൾ ഇന്ന് ലോകത്ത് കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിൽ 578 ദശലക്ഷം പേർ എഷ്യാ-പെസഫിക്കിലും 239 ദശലക്ഷംപേർ സബ്-സഹാരൻ ആഫ്രിക്കയിലും 53 ദശലക്ഷംപേർ ലാറ്റിൻ അമേരിക്കയിലും കരീബിയൻ ദ്വീപുകളിലും 37 ദശലക്ഷംപേർ പൂർവ്വ-മധ്യ ആഫ്രിക്കകളിലും 19 ദശലക്ഷംപേർ വികസിത രാഷ്ട്രങ്ങളിലും ഉള്ളവരാണ്. നമ്മുടെ രാജ്യമായ ഭാരതത്തിലും ദാരിദ്ര്യം സങ്കീർണ്ണമായ പ്രശ്നം തന്നെയാണ്. ഐക്യരാഷ്ട്ര സംഘടനയുടെ മാനവ വികസന പട്ടികയിൽ രാജ്യത്തിന്റെ സ്ഥാനം 134-ാമത് ആണ്. ഗ്രാമീണ ജനസംഖ്യയുടെ ഏകദേശം 60 ശതമാനം ഒരുദിവസം കഴിയുന്നത് 35 രൂപയ്ക്ക് തഴെയുള്ള വരുമാനം കൊണ്ടാണ്; നഗരങ്ങളിൽ ഏകദേശം ഇതേ ശതമാനം കഴിയുന്നത് ഒരു ദിവസം 66 രൂപാ കൊണ്ടും. വ്യവസായ നിക്ഷേപത്തിന്റെ പെരുമ പറയുന്ന ഗുജറാത്തിൽ 44.6 ശതമാനം കുട്ടികളിൽ പോഷകാഹാര കുറവുണ്ട്, 70 ശതമാനത്തിന് വിളർച്ചയും. ചുരുക്കിപ്പറഞ്ഞാൽ അനേക ദാരിദ്ര്യ നിർമാർജന പരിപാടികൾ നടപ്പിലാക്കിയതിനു ശേഷവും ദാരിദ്ര്യം ഇന്നും ഒരു പ്രാശ്നികമായ അവസ്ഥയായി നിലനിൽക്കുന്നു.

ഈ പശ്ചാത്തലത്തിൽ ആണ് ക്രൈസ്തവ സഭ ദാരിദ്ര്യം ഉന്മൂലനം ചെയ്യാൻ സജീവമായ ഇടപെടലുകൾ നടത്തേണ്ടത്. ദൈവരാജ്യ വ്യാപനത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഇത് സാധ്യമാക്കും. പണം കൊടുത്ത് മതപരിവർത്തനം നടത്തുക എന്ന ആരോപണത്തിൽ കഴമ്പില്ല എന്ന് തെളിയിക്കുന്നവയാണ് ക്രൈസ്തവ സഭയുടെ ദാരിദ്ര്യ നിർമാർജന പദ്ധതികളും പ്രവർത്തനങ്ങളും. പാവപ്പെട്ടവർക്കുവേണ്ടി കരുതുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ, സഭ ദൈവസ്നേഹത്തെ പ്രതിഫലിപ്പിക്കുകയത്രെ ചെയ്യുന്നത്. പണം മോഹിച്ച് ആരും ദൈവസഭയിലെ അംഗമാകേണ്ട കാര്യമില്ല. സഭയുടെ സഹായഹസ്തങ്ങൾ നീളേണ്ടത് സഭയ്ക്കുള്ളിലെ ദരിദ്രരുടെ ആവശ്യങ്ങൾക്ക് നേരെ മാത്രമല്ല, സഭയ്ക്ക് പുറത്തുള്ളവരുടെയും ആവശ്യങ്ങൾക്ക് കൂടി ആയിരിക്കണം. പൗലൊസ് പ്രബോധിപ്പിച്ചത് "അവസരം കിട്ടുമ്പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാത്യർ 6:10) എന്നത്രെ. സഭയുടെ നിസ്വാർത്ഥ സേവനം കണ്ട് യേശുവിന്റെ സ്നേഹവും കരുണയും ഗ്രഹിക്കുന്ന അനേകായിരങ്ങൾ സഭയിലേക്ക് ആകൃഷ്ടരാകുക തന്നെ ചെയ്യും.

സഭയിൽ സമത്വം ഉണ്ടാക്കുക വഴി ലോകത്തിൽ സമത്വം ഉണ്ടാകും എന്ന് ആദിമ പിതാക്കൾ പ്രത്യാശിച്ചിരുന്നു. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് പ്രയാസം തന്നെ എന്നു സത്യമായിട്ട് അരുളിച്ചെയ്ത യേശു യാചിക്കുന്നവന് കൊടുക്കുക എന്നും കല്പിച്ചിട്ടുണ്ട്. അതിന്റെ ചുവടു പിടിച്ചാണ് പൌലൊസ് സമത്വത്തെക്കുറിച്ച് ഉപദേശിച്ചത്. 2കൊരിന്ത്യർ 8-ാം അദ്ധ്യായം സമത്വത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ധനികരുടെ സുഭിക്ഷം ദരിദ്രരുടെ ദുർഭിക്ഷത്തെ നിവാരണം ചെയ്യണമെന്നായിരുന്നു പൌലൊസ് മുന്നോട്ട് വെച്ച വാദഗതി. വേദപുസ്തകത്തിലെ ഇത്തരം ലിഖിതങ്ങളാണ് ദരിദ്രരുടെ ഉന്നമനത്തിനായുള്ള ആശയങ്ങൾ പ്രചരിപ്പിച്ച സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് ചിന്തകർക്ക് പ്രചോദനം ഏകിയത്.

വിശ്വാസികളുടെ ധനാസക്തി അവരുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. ദൈവം സമ്പത്തു നൽകി അനുഗ്രഹിച്ചിട്ടും അതിൽ മനസ്സു വെയ്ക്കാതെ കൂടാര നിവാസികളായി പാർത്ത പഴയനിയമ പിതാക്കളുടെ മാതൃകയ്ക്ക് പകരം ഭൂമിയിൽ തന്നെയാണ് നിത്യത കഴിച്ചുകൂട്ടേണ്ടത് എന്ന മട്ടിൽ പണിതിരിക്കുന്ന രമ്യഹർമ്യങ്ങൾ, ആഡംബര വാഹനങ്ങൾ, മോടിയുള്ള വസ്ത്രങ്ങൾ, ആകമാനം വർണ്ണപ്പകിട്ടേറിയ ജീവിതരീതികൾ- ഇവയാണ് ഭൂരിപക്ഷം വിശ്വാസികളെയും അടയാളപ്പെടുത്തുന്നത്. സ്വന്തം സുഖസൗകര്യങ്ങളിൽ മാത്രം മുഴുകുമ്പോൾ അന്യരുടെ പ്രശ്നങ്ങൾ കണ്ണിൽപ്പെടുകയില്ല. യേശു പറഞ്ഞതുപോലെ അന്നന്നത്തേക്കുള്ളതുമാത്രം അന്വേഷിച്ച് ജീവിതം കഴിക്കുകയാണെങ്കിൽ അന്യരെ കരുതുവാൻ സാവകാശം ലഭിക്കും. ദൈവം നമുക്ക് തരുന്ന ധനവും മറ്റ് വിഭവങ്ങളും അന്യർക്കും കൂടി പങ്കുവയ്ക്കുവാൻ ഉള്ളതാണെന്ന ഒരു ഉത്തമ ക്രൈസ്തവ ബോധത്തിലേക്ക് നാം എത്തിച്ചേരണം.

സൊജോണേഴ്സ് ഉദ്ധരിച്ച വാക്യശകലത്തിന്റെ പൂർണരൂപം ഇങ്ങനെയാണ്, "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് അരുളിചെയ്യും" (മത്തായി 25:40). സന്ദർഭം വ്യക്തമാണല്ലോ. വിശക്കുന്നവരേയും ദാഹിക്കുന്നവരേയും അതിഥികളേയും വസ്ത്രഹീനരേയും രോഗികളേയും തടവുപുള്ളികളേയും സഹായിച്ചവർ കർത്താവിനെ അത്രെ സഹായിച്ചാദരിച്ചിരിക്കുന്നത്. ലോകസ്ഥാപനം മുതൽ ഒരുക്കിയിരിക്കുന്ന രാജ്യത്തിന് അവർ അവകാശികളത്രെ. മറിച്ച്, അങ്ങനെ ചെയ്യാത്തവർ കർത്താവിനെ നിരാകരിച്ചവരാണ്. അവർ നിത്യദണ്ഡനത്തിലേക്ക് പ്രവേശിക്കും.

ദരിദ്രരുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച് കർത്താവിന്റെ വലതുഭാഗത്തുള്ള ചെമ്മരിയാടുകളായി മാറാൻ ദാരിദ്ര്യ നിർമാർജനം എന്ന ദൗത്യം നമുക്ക് ഏറ്റെടുക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# ഗുഡ്ന്യൂസ് എൻ. സി. ആർ. ചാപ്റ്റർ രൂപീകരിച്ചു

**ന്യൂഡൽഹി:** ഗുഡ്ന്യൂസ് എൻ. സി. ആർ. ചാപ്റ്റർ രൂപീകരിച്ചു. സെപ്റ്റം. 29-നു ശ്രീനിവാസപുരി നെഴ്സസ് റെസിഡൻഷ്യൽ കോംപ്ലക്സ് ഓഡിറ്റോറിയത്തിൽ ചീഫ് എഡിറ്റർ സി. വി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ചാപ്റ്റർ രൂപീകരിച്ചത്.

ഡൽഹി, ഹരിയാന, യു. പി. എന്നീ പ്രദേശങ്ങൾ അടങ്ങുന്നതാണ് എൻ. സി. ആർ. ചാപ്റ്റർ.

# ഗുഡ്ന്യൂസ് കൺവൻഷന്...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

അനുഗ്രഹ പ്രാർത്ഥന നടത്തി.

പാസ്റ്റർമാരായ പി.എം. ജോൺ, സി.പി. ഫിലിപ്പ്, എം. സാമുവൽകുട്ടി, ബ്രദർ ജോയി കടുക്കോയിക്കൽ, സിസ്റ്റർ ജെസി ജോയി (സൂററ്റ്) എന്നിവർ മുഖ്യാതിഥികളായി വിവിധ യോഗങ്ങളിൽ പങ്കെടുത്തു.

പാസ്റ്റർമാരായ ജോൺസൺ ആർ., വിൽസൺ ആർ. എന്നിവർ പരിഭാഷ നിർവ്വഹിച്ചു.

പാസ്റ്റർമാരായ ലാജി പോൾ, ജോയൽ ദാസ്, സാം തോമസ്, ജോർജ്ജ് മാത്യു, പി.എസ്. മാണി, ജോഷ്വ ഗോപാലകൃഷ്ണൻ, ദാനിയേൽ ജോർജ്ജ് എന്നിവർ വിവിധ സെഷനുകളിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

പാസ്റ്റർ ദാനിയേൽ ജോർജ്ജ്, സിസ്റ്റർ പെർസിസ് ജോൺ, പാസ്റ്റർ ബിനോയി പി. ജോൺ എന്നിവരുടെ നേതൃത്വത്തിൽ പ്രെയ്സ് ചിൽഡ്രൻസ് ക്ലബ് അംഗങ്ങൾ സംഗീത ശുശ്രൂഷ നിർവ്വഹിച്ചു.

സിസ്റ്റർ ഗിഫ്റ്റി ജെ. സാമുവേൽ സ്വാഗതവും ബ്രദർ സ്റ്റീഫൻ സാമുവേൽ നന്ദിയും പറഞ്ഞു.

കൺവൻഷന്റെ അനുഗ്രഹീതമായ നടത്തിപ്പിനായി ബ്രദർ കുരുവിള കെ. സാമുവേൽ, ഗുഡ്ന്യൂസ് പ്രതിനിധികൾ എന്നിവരുടെ സേവനങ്ങൾ സ്തുതർഹ്യമായിരുന്നു. ഡൽഹി എൻ.സി.ആർ പരിസര പ്രദേശങ്ങളിലുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്തു.

# എഫ്.സി.വൈ.എം. വാർഷികം...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നൊന്ന് മികവുറ്റതായിരുന്നു. പങ്കെടുത്ത എല്ലാവർക്കും പാസ്റ്റർ എം. സാമുവൽകുട്ടിയും മിസിസ്സ് എലിസബത്ത് സാമുവലും സമ്മാനങ്ങൾ വിതരണം ചെയ്തു. ജനറൽ സെക്രട്ടറി ശീലാസ് സാമുവൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഡൽഹി റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ ബിനോയി പി. ജോൺ, പാസ്റ്റർ ബിനു ജോൺ, എഫ്.സി.വൈ.എം. സെക്രട്ടറി ബ്രദർ ശിലാസ് സാമുവൽ മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ വാർഷിക സമ്മേളനത്തിന് നേതൃത്വം നൽകി. ബ്രദർ ഷിബു തമ്പി സ്വാഗതവും ബ്രദർ ജെയിംസ് പി.പി. നന്ദിയും പ്രകാശിപ്പിച്ചു. പാസ്റ്റർ ബിനോയി പി. ജോൺ പ്രാർത്ഥിച്ച് പാസ്റ്റർ എം. സാമുവൽകുട്ടി ആശിർവാദത്തോടെ എഫ്.സി.വൈ.എം. ഡൽഹി റീജന്റെ 19-ാമത് വാർഷിക സമ്മേളനം പര്യവസാനിച്ചു.

# മാധ്യമവും സുവിശേഷീകരണവും

(നാലാം പേജിൽ നിന്ന് തുടർച്ച)

ച്ച് നാം കരയേണ്ടതല്ലേ? കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിന് വേലക്കാരെ അയയ്ക്കേണ്ടതിന് നാം അപേക്ഷിക്കേണ്ടതല്ലേ? തീർച്ചയായും...! മറ്റുള്ളവരുടെ രക്ഷയാകട്ടെ നമ്മുടെ പ്രയത്നത്തിന്റെ ഉദ്ദേശ്യം... അതിന് ദൈവസ്നേഹമാണ് നമ്മുടെ പ്രചോദനം. ഇതിലും മഹത്തരമായത് എന്തെങ്കിലുമുണ്ടോ? അതുകൊണ്ട് സുവിശേഷം നമുക്ക് നൽകാം.... യേശുവിന്റെ സാക്ഷിയാകാം....

സുവിശേഷസന്ദേശത്തിന്റെ അടിസ്ഥാനപരമായ ഉള്ളടക്കം മഹത്തായ നിയോഗം (Great Commission) പൂർത്തീകരിക്കപ്പെടാത്തതിന് ചില കാരണങ്ങളുണ്ട്. ലളിതമായ അനുസരണക്കേടിനും, വീണ്ടും പ്രവർത്തിക്കുവാൻ കഴിയുന്ന ശിഷ്യന്മാരെ വാർത്തെടുക്കാൻ കഴിയുന്നില്ല.

സത്യസുവിശേഷത്തിന്റെ സന്ദേശം എല്ലായിപ്പോഴും കൃത്യമായും പൂർണ്ണമായും പ്രഖ്യാപിക്കപ്പെടുന്നില്ല. കൊലൊസ്സ്യ ലേഖനത്തിൽ പൌലൊസ്, എനിക്ക് ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നുതരികയും ഞാൻ സംസാരിക്കേണ്ടുന്നവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ എന്നെഴുതിയിരിക്കുന്നു.

*(തുടരും...)*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും മരണവും



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

മരണം എന്നത് നിർവ്വചിക്കാൻ പ്രയാസമുള്ളതും ചിന്തിക്കാൻ ഇഷ്ടപ്പെടാത്തതുമായ ഒരു വിഷയമാണ്. മറ്റ് ഏതൊരു വിഷയത്തെക്കുറിച്ചും ചിന്തിക്കാൻ തയ്യാറാകുന്ന മനുഷ്യർ മരണത്തെക്കുറിച്ച് ചിന്തിക്കാൻ അത്ര താല്പര്യം കാട്ടുന്നില്ല. എങ്ങനെയും പണം ഉണ്ടാക്കുക എങ്ങനെയും അത് ചിലവഴിക്കുക എന്ന ചിന്തയെ മുൻനിർത്തി പ്രയാണം ചെയ്യുന്ന മനുഷ്യന് തന്റെ കാലധർമ്മത്തെക്കുറിച്ച് ചിന്തിക്കാൻ താല്പര്യം ഉണ്ടാകില്ല. എന്നാൽ, ഒടുവിൽ സത്യമായതും ഘനമായതും ചിന്തിക്കണമെന്നാണ് പൌലൊസ് അഭിപ്രായപ്പെട്ടിരിക്കുന്നത് (ഫിലി. 4:8). മരണാനന്തര അനുഭവത്തെക്കുറിച്ച് വ്യക്തതയില്ലാത്തതാണ് ഈ വിഷയം ചിന്തിക്കുന്നതിൽ നിന്ന് മനുഷ്യനെ വിലക്കുന്നത്. മരണസമയം നിശ്ചയമല്ല എങ്കിലും മരണം എന്നത് യാഥാർത്ഥ്യമാണ്. ജനിച്ചവരെല്ലാം മരിക്കാൻ തയ്യാറാകണം. മരണം പലതിന്റെയും അവസാനമാണ്. ശാരീരിക സൗന്ദര്യം, ഭൗമിക സമൃദ്ധി, ലൗകിക പദവികൾ, മഹത്വം തുടങ്ങി പലതിന്റെയും അവസാനമാണ് മരണം. ജനനം ക്രമമായി നടക്കുകയും മരണം എന്നൊന്ന് ഇല്ലാതിരിക്കുകയും ചെയ്തിരുന്നു എങ്കിൽ ലോകത്തിന്റെ ഭാവി തന്നെ എന്താകുമായിരുന്നു എന്ന് ചിന്തിക്കാൻ പ്രയാസമാണ്. നാളിതുവരെ മരിച്ച സകല മനുഷ്യരും ജീവൻ പ്രാപിച്ച് വന്നാൽ അവരെ ഉൾക്കൊള്ളാൻ ഭൂമിക്ക് സാധ്യമാകില്ല. ജനനവും മരണവും ദൈവം വച്ചിരിക്കുന്നതാണ്.

എല്ലാ മതങ്ങളിലും മരണം എന്ന വിഷയത്തെക്കുറിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മനുഷ്യന്റെ ഭാവിയെകുറിച്ചുള്ള ആധികാരിക ശബ്ദം ബൈബിളിൽ മാത്രമാണുള്ളത്. ആയതിനാലാണ് ദൈവത്തിലും ദൈവവചനത്തിലും വിശ്വസിക്കുന്നവർ പ്രത്യാശ ഉള്ളവരായിരിക്കുന്നത്. മരണം അവസാനമല്ല എന്നും വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിക്കുന്ന അനുഭവമാണെന്നും മനസ്സിലാക്കാം. ഈ അനുഭവം അത്യുത്തമമാണെന്നാണ് പൌലൊസിന്റെ അഭിപ്രായം. ഭാവിയെക്കുറിച്ച് പ്രത്യാശ ഉള്ള ഒരാളിനുമാത്രമേ മരണാനന്തരം തനിക്ക് അത്യുത്തമമായ അനുഭവമാണ് ലഭ്യമാകുക എന്ന് പറയാൻ സാധിക്കു.

ദൈവവചനത്തിൽ പ്രധാനമായി മൂന്നുവിധ മരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. മരണം എന്ന വാക്കിനാൽ അർത്ഥമാക്കുന്നത് വിട്ടുപിരിയുക എന്നാണ്.

### 1. ശാരീരിക മരണം

വിശദീകരണമില്ലാതെ എല്ലാവർക്കും മനസ്സിലാക്കാവുന്ന ഒന്നാണ് ശാരീരിക മരണം. ചത്തുപോയി, നിര്യാതനായി, മരണമടഞ്ഞു, കാലം ചെയ്തു, ചരിഞ്ഞു, തുടങ്ങി പല പദപ്രയോഗങ്ങളിലൂടെ ശാരീരിക മരണത്തെ ചിത്രീകരിക്കുന്നു. ശാരീരിക മരണത്തോടെ ഹൃദയസ്പന്ദനം നിലയ്ക്കുന്നു. ശ്വാസോച്ഛ്വാസം അവസാനിക്കുകയും സചേതന ശരീരം അചേതന ശരീരമായി മാറുകയും ചെയ്യുന്നു. ജീവൻ വേർപെട്ടുപോകുന്ന ഈ അവസ്ഥയിൽ ശരീരവും പ്രാണനും ആത്മാവും വേർപെടുന്നു. മരണം എന്നത് സകല മനുഷ്യർക്കുമായി നിയമിക്കപ്പെട്ടിരിക്കുന്നു (എബ്രാ. 9:27). മനുഷ്യൻ മർത്യനാണ്, മരണത്തിന് വിധേയനാണ്. ഒരിക്കൽ മരിക്കുക എന്ന ദൈവിക വ്യവസ്ഥയ്ക്ക് കീഴ്പെട്ടവനാണ്. ശാരീരിക മരണത്തിൽ രണ്ട് പ്രധാന കാര്യങ്ങൾ സംഭവിക്കുന്നു.

**01. മർത്യൻ പൊടിയിലേക്ക് മടങ്ങിചേരുന്നു (സങ്കി. 90:3).**

മനുഷ്യനെ നിലത്തു നിന്ന് എടുത്തതിനാൽ നിലത്തേക്ക് വിലയം പ്രാപിക്കുന്നു. പൊടി പണ്ട് ആയിരുന്നതുപോലെ പൊടിയിലേക്ക് തിരികെ ചേരുന്നു. നെടുവീർപ്പുപോലെ കഴിക്കപ്പെട്ട നാളുകൾ അവസാനിച്ചനന്തരം നിത്യതയ്ക്കുവേണ്ടിയുള്ള യാത്ര,

**02. പറന്നുപോകുന്നു (സങ്കീ. 90:10).**

ശാരീരിക മരണം എന്ന പ്രക്രിയയിലൂടെ മനുഷ്യൻ പൊടിയിലേക്ക് മടങ്ങുന്നു എന്നു മാത്രമല്ല ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്ക് പറന്നുപോകയും ചെയ്യുന്നു (സഭാപ്രസംഗി 12:7). മരണത്തോടുകൂടെ ശരീരം പൊടിയിലേക്കും ആത്മാവ് ദൈവത്തിങ്കലേക്കും മടങ്ങിപോകുന്നു. മരണം വാസ്തവത്തിൽ ഒരു മടങ്ങിചേരലാണ്.

ശാരീരിക മരണത്തെ വിവിധ നിലകളിൽ ചിത്രീകരിച്ചിരിക്കുന്നു. പ്രാണനെ വിടുക (അപ്പൊ. പ്രവ. 5:10), മടങ്ങിവരാത്ത ഇടത്തേക്ക് പോകുക (ഇയ്യോബ് 16:22). കൂടാരമായ ഭൗമഭവനം അഴിയുക (2കൊരി. 5:1) പ്രാണനെ മടക്കി ചോദിക്കുക (ലൂക്കൊസ് 12:20), മൗനതയിലേക്ക് പോകുക (സങ്കീ. 115:17), ഉറങ്ങുക (യോഹ. 11:11) എന്നീ നിലകളിലെല്ലാം മരണമെന്ന വസ്തുതയെ വ്യക്തമാക്കാൻ പരിശ്രമിച്ചിരിക്കുന്നു.

> മരണാനന്തര അനുഭവത്തെക്കുറിച്ച് വ്യക്തതയില്ലാത്തതാണ് ഈ വിഷയം ചിന്തിക്കുന്നതിൽ നിന്ന് മനുഷ്യനെ വിലക്കുന്നത്. മരണസമയം നിശ്ചയമല്ല എങ്കിലും മരണം എന്നത് യാഥാർത്ഥ്യമാണ്. മരണം അവസാനമല്ല എന്നും വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെ ഇരിക്കുന്ന അനുഭവമാണെന്നും മനസ്സിലാക്കാം

ആദാം മുതൽ മരണം ഉണ്ടായി എന്നും (ഉല്പത്തി 3:19, 1കൊരി. 15:21, 22), പാപത്താലാണ് മരണം ലോകത്തിൽ കടന്നതെന്നും (റോമർ 5:12), മനുഷ്യന്റെ ജീവകാലത്തിന് ദൈവം അതിർ വച്ചിരിക്കുന്നു എന്നും (ഇയ്യോബ് 14:5), ഈ കൂടാരം പൊളിഞ്ഞുപോകും എന്നും (1പത്രൊസ് 1:13) ബൈബിൾ വ്യക്തമാക്കിയിരിക്കുന്നു.

എന്നാൽ, യേശുക്രിസ്തു തന്റെ മരണത്താൽ മരണത്തിന്റെ അധികാരിയായ പിശാചിനെ നീക്കുകയും മർത്യരെ മരണഭീതിയിൽ നിന്നും വിടുവിക്കുകയും ചെയ്തു (എബ്രാ. 2:14).

### 2. ആത്മിക മരണം

ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നുപോകുന്നതാണ് ആത്മിക മരണം (എഫെ. 4:18). നന്മ തിന്മകളെക്കുറിച്ചുള്ള അറിവിൻ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന ദൈവകല്പനയുടെ ലംഘനത്തോടെ ആദാമും ഹവ്വയും ആത്മികായി മരിച്ചു. ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വവും ന്യായപ്രമാണത്തിന് കീഴ്പെടുവാൻ മനസ്സില്ലാത്തതുമാണ്. ആ ജഡത്തിന്റെ ചിന്ത മരണം എന്ന് വ്യക്തമാക്കിയിരിക്കുന്നു (റോമർ 6:6,7).

ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും (റോമർ 5:16) എന്ന് പൌലൊസ് പ്രഖ്യാപിക്കുന്നതിലൂടെ ആത്മിക മരണത്തിൽ നിന്ന് യേശുവിലൂടെ വിടുതൽ ഉണ്ടെന്ന് വ്യക്തമാക്കിയിരിക്കയാണ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മെ അവൻ ഉയിർപ്പിച്ചു (എഫെ. 2:1). കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോട് കൂടെ ജീവിപ്പിക്കയും... അവനോട് കൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു (എഫെ. 7:4-7).

### 3. നിത്യമരണം

നിത്യജീവൻ, നിത്യ ന്യായവിധി, നിത്യമരണം തുടങ്ങിയ ആശയങ്ങൾ ബൈബിളിൽ കാണുന്നു. മരണാനന്തരം മനുഷ്യന് രണ്ട് സ്ഥലങ്ങളാണ് ഉള്ളത്. ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം. ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യമരണം. ഒന്നുകിൽ നിത്യാനന്ദം അല്ലെങ്കിൽ നിത്യദു:ഖം. കാരണം മരണാനന്തരം ഉള്ളതെല്ലാം നൈമിഷികമല്ല, നിത്യമാണ്. യോഹന്നാൻ നിത്യമരണത്തെ രണ്ടാമത്തെ മരണം എന്നാണ് വിളിച്ചിരിക്കുന്നത് (വെളി. 20:14; 12:8), നിത്യനാശം (2തെസ്സ 1:9), നിത്യാഗ്നി (മത്തായി 25:4,12), കത്തുന്ന തീപ്പൊയ്ക (വെളി. 19:20), പുറത്തുള്ള ഇരുട്ട് (മത്തായി 25:30), നിത്യനിന്ദ (ദാനി. 12:2) എന്നീ പേരുകളും ബൈബിളിൽ കാണുന്നു.

അതിപ്രാചീനനായ ഇയ്യോബ് മരണത്തെ കാണുന്നത് വെട്ടിയിടപ്പെട്ട ഒരു വൃക്ഷത്തെ പോലെയാണ് (ഇയ്യോബ് 14:7). അതിനെ വെട്ടിയാൽ പിന്നെയും പൊട്ടി കിളിയ്ക്കും. മനുഷ്യൻ മരിച്ചാൽ എല്ലാം തീരുന്നില്ല. വേരു പഴകുകയും കുറ്റി മണ്ണിൽ കെട്ടുപോകകുകയും ചെയ്താലും വെള്ളത്തിന്റെ ഗന്ധം ഏൽക്കുമ്പോൾ അത് പൊട്ടി തളിർക്കുന്നതുപോലെ മനുഷ്യയൻ മരിച്ചാൽ വീണ്ടും ജീവിക്കും. താൻ മരിച്ചാലും ദൈവം വിളിക്കുമ്പോൾ താൻ കേൾക്കും എന്ന പ്രത്യാശയായിരുന്നു തനിക്കുണ്ടായിരുന്നത് (14:15). എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും (ഇയ്യോബ് 19:25) എന്ന് വിശ്വസിച്ചു. എന്നാൽ, ദുഷ്ടന്മാരുട മരണം കൂടാരകയറ് അറ്റുപോകുന്നതിനോട് താൻ ഉപമിച്ചിരിക്കുന്നത് (ഇയ്യോ. 4:71). കയറ് കുറ്റിയിൽ നിന്നും അറ്റുപോയാൽ പിന്നെ കൂടാരത്തിന് എന്ത് നിലനിൽപ്പാണ്.

വിശ്വാസത്തിൽ മരിച്ചവർ മരണത്തോടെ ഇല്ലാതെയാകുന്നില്ല. കൂടാരമായ ഭൗമഭവനം അഴിഞ്ഞുപോയാൽ ദൈവത്തിന്റെ ദാനമായ കെട്ടിടം കിട്ടുമെന്ന പൌലൊസിന്റെ വിശ്വാസം (2കൊരി 5:1) ശ്രദ്ധേയമാണ്. തേജസ്ക്കരണം എന്ന അനുഭവത്തെ ലളിതമായി വെളിപ്പെടുത്തുകയാണ്. കർത്താവിൽ പ്രത്യാശവച്ച് മരിക്കുന്നവർ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയാണ് (കൊലൊ. 3:3). നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയിൽ ദൈവം അവരെ അവനോട് കൂടെ വരുത്തും.

നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കാതിരിക്കേണ്ടതിന് മരണത്തെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

## വിശ്വാസികൾ ലോകത്തിന്റെ ഇരുൾ അകറ്റുന്ന പ്രകാശനാളങ്ങൾ: പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:** ഇരുൾ തിങ്ങിയ ലോകത്തിൽ സൽപ്രവൃത്തികൾ ചെയ്ത് വിശ്വാസികൾ ലോകത്തിന്റെ വെളിച്ചം ആയി വിളങ്ങുന്നു എന്ന് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. ഓഗസ്റ്റ് 8-ാം തീയതി ഫെയ്ത്ത് ഫെലോഷിപ്പ് അന്തിച്ചിറ സഭയിൽ വച്ച് നടന്ന മാസയോഗത്തിൽ ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്ധകാരത്തിന്റെ അനുഭവത്തിൽ നിന്നും കർത്താവായ യേശു അത്ഭുത പ്രകാശത്തിലേക്ക് നമ്മെ കൊണ്ടുവന്നിരിക്കുന്നു. മുൻപ് നാം ഇരുട്ടിന്റെ മക്കൾ ആയിരുന്നു. എന്നാൽ, ദൈവം ക്രിസ്തു മുഖാന്തിരം നമ്മെ വെളിച്ചത്തിന്റെ മക്കൾ ആക്കിതീർത്തു. സാക്ഷാൽ ലോകത്തിന്റെ വെളിച്ചം യേശുവാണ്. യേശുവിനെ അനുഗമിക്കുന്ന എല്ലാവരും വെളിച്ചത്തിന്റെ മക്കൾ ആകുന്നു. ഈ ലോകം തകർന്നുകൊണ്ടിരിക്കുമ്പോൾ ജനം പാപത്തിന്റെ അന്ധകാരത്തിലേക്ക് വീണുകൊണ്ടിരിക്കുമ്പോൾ വിശ്വാസികളായ നാം വെളിച്ചമായി. ശോഭയോടെ പ്രകാശിക്കണം എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

എഫ്.എഫ്.സി. കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എബി ജോർജ്ജ് 150-ാം സങ്കീർത്തനത്തിൽ നിന്നും പ്രബോധിപ്പിച്ചു. തുടർന്ന് ദൈവസഭകളുടെ പ്രതിനിധികൾ സാക്ഷ്യം പ്രസ്താവിക്കുകയും പ്രാർത്ഥനാവിഷയങ്ങൾക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തു. സിസ്റ്റർ എലിസബത്ത് സാമുവൽ തന്റെ ജീവിതത്തിൽ ദൈവം നടത്തിയ വിധങ്ങളെപ്പറ്റി വിവരിച്ചത് കൂടിവന്നവർക്ക് അനുഗ്രഹമായി. തുടർന്ന് നടന്ന കർത്തൃമേശാശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം കൊടുത്തു. പത്തു മണിക്ക് ആരംഭിച്ച മാസയോഗം ഒരു മണിക്ക് പാസ്റ്റർ ഡി. ജോൺ പ്രാർത്ഥിച്ച് പാസ്റ്റർ എം. സാമുവൽകുട്ടി ആശിർ വാദം പറഞ്ഞ് അവസാനിപ്പിച്ചു. കേരളാ റീജനിലെ ദൈവദാസന്മാരും ദൈവമക്കളും മാസയോഗത്തിൽ പങ്കെടുത്തു. പാസ്റ്റർ സുമേഷ് പി. ലാസർ കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു.

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

## ഉപവാസ പ്രാർത്ഥനയും ഓർഡിനേഷൻ സർവ്വീസും

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസത്തെ ഉപവാസപ്രാർത്ഥന അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടന്നു. സെപ്റ്റംബർ 13,14,15 തീയതികളിൽ നടത്തപ്പെട്ട ഉപവാസ പ്രാർത്ഥനയിൽ പാസ്റ്റർമാരായ എബി ജോർജ്ജ്, വിനോദ് കെ, സുമേഷ് പി. ലാസർ, മനോജ് തമ്പി, റ്റി.പി. രാജു, വി.എം. ഏബ്രഹാം, ഡി. ജോൺ, ബോബി പി. ജോൺ, കെ.എം. ജോൺ തുടങ്ങിയവർ വിവിധ സെഷനുകളിൽ ദൈവവചനം സംസാരിച്ചു. ശനിയാഴ്ച രാവിലെ നടന്ന ഓർഡിനേഷൻ സർവ്വീസിൽ ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ദൈവവചനത്തിൽ നിന്ന് സംസാരിക്കുകയും പാസ്റ്റർമാരായ സുമേഷ് പി. ലാസർ, മനോജ് തമ്പി എന്നിവർക്ക് ചില പ്രത്യേക ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിച്ച് വേർതിരിക്കുകയും ചെയ്തു. തുടർന്ന് നടന്ന കർത്തൃമേശാശുശ്രൂഷയ്ക്കും പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി. എഫ്.എഫ്.സി. കോ-ഓർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷനായിരുന്നു. കേരളാ റീജനിലെ ദൈവദാസന്മാരും ദൈവമക്കളും ഈ യോഗങ്ങളിൽ സംബന്ധിച്ചു.

### തിരഞ്ഞെടുത്തു

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ സെക്രട്ടറിയായി പാസ്റ്റർ വി.എം. ഏബ്രഹാമിനെ (നെല്ലിമുകൾ സഭാശുശ്രൂഷകൻ) ആഗസ്റ്റ് മാസം 10-ാം തീയതിയിൽ അടൂർ എഫ്.എഫ്.സി.യിൽ വച്ച് നടന്ന ശുശ്രൂഷകന്മാരുടെ യോഗത്തിൽ വച്ച് രണ്ട് വർഷത്തേക്ക് തിരഞ്ഞെടുത്തു.

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച....)*

# മാധ്യമവും സുവിശേഷീകരണവും

*2012 ആഗസ്റ്റ് 15ന് ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റി(എഫ്.സി.വൈ.എം.)ന്റെ നേതൃത്വത്തിൽ നടന്ന ഏകദിന സെമിനാറിൽ "മാധ്യമവും സുവിശേഷീകരണവും" എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ ബിനോയി പി. ജോൺ അവതരിപ്പിച്ച പ്രബന്ധം.*



**പാസ്റ്റർ ബിനോയി പി. ജോൺ**
**കാൽക്കാജി, ഡൽഹി**

**എന്താണ് സുവിശേഷീകരണം?**

'ഇവാഞ്ചലിസം' എന്ന ലത്തീൻ പദം 'നല്ലത്' എന്നർത്ഥം വരുന്ന 'Eu', സന്ദേശവാഹകർ എന്നർത്ഥം വരുന്ന 'Angelos' എന്നീ രണ്ട് യവനപദങ്ങളിൽ നിന്നും ഉടലെടുത്തതാണ്.

**നിർവ്വചനം**

കേൾവിക്കാരനെ ക്രിസ്തുവിൽ ആശ്രയിക്കുവാൻ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ യേശുക്രിസ്തുവിന്റെ സുവിശേഷത്തെ ആവിഷ്ക്കരിക്കുക, ആശയവിനിമയം നടത്തുക, പ്രസംഗിക്കുക, പ്രഖ്യാപിക്കുക, വിളംബരം ചെയ്യുക, എത്തിച്ചുകൊടുക്കുക തുടങ്ങിയ പ്രക്രിയയെ ആണ് സുവിശേഷീകരണം എന്നു പറയുന്നത്.

**സുവിശേഷീകരണത്തിന്റെ ആവശ്യകത**

മറ്റുള്ളവരോട് സുവാർത്ത പ്രസംഗിക്കുകയോ, അറിയിക്കുകയോ ചെയ്യുന്നതിനുമുമ്പ് ലോകത്തെയും, ജനങ്ങളെയും ചുറ്റുമുള്ള പ്രതിബന്ധങ്ങളെയും സംബന്ധിച്ചുള്ള ഒരു ശരിയായ ധാരണ നമുക്ക് ഉണ്ടായിരിക്കണം. കാരണം, 1). നമ്മുടെ ലോകം മാറുകയാണ്, 2). നമ്മുടെ സമൂഹം മാറുകയാണ്, 3). നമ്മുടെ സഭ മാറുകയാണ്, 4). നമ്മുടെ കേൾവിക്കാർ മാറുകയാണ്.

**പ്രതിബന്ധങ്ങൾ**

1). പൈശാചിക എതിർപ്പ് (ലൂക്കൊസ് 8:12- വഴിയരികെയുള്ളവർ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ച് രക്ഷിക്കപ്പെടാതിരിപ്പാൻ പിശാച് വന്ന് അവരുടെ ഹൃദയത്തിൽ നിന്ന് വചനം എടുത്തുകളയുന്നു).

2). അവിശ്വാസികളിൽ നിന്ന് വിശ്വാസികൾ ഒറ്റപ്പെട്ടിരിക്കുന്നു.

3). തങ്ങളുടെ വിശ്വാസത്തെ മറ്റുള്ളവരോട് പങ്കുവയ്ക്കുവാൻ വളരെ അപര്യാപ്തമായി അഭ്യാസം ലഭിക്കപ്പെട്ട വിശ്വാസികൾ.

4). സുവിശേഷീകരണത്തിന് കടകവിരുദ്ധമായ ലോകവ്യവസ്ഥ (1കൊരിന്ത്യർ 1:18- ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു; 1കൊരിന്ത്യർ 4:4- ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ലഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി).

**എന്തുകൊണ്ട് നാം സുവിശേഷീകരണത്തിൽ ഉൾപ്പെട്ടവരായിരിക്കണം?**

എന്തുകൊണ്ട് ഞാൻ സാക്ഷിയാകണം എന്ന് നാം നമ്മോടു തന്നെ ചോദിച്ചിട്ടുണ്ടോ? അതെന്തുകൊണ്ട് എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1. യേശു നമ്മോട് കൽപ്പിച്ചതു കൊണ്ട്. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊള്ളുവിൻ" (മത്തായി 28:19, 20).

യെഹസ്ക്കേൽ 3:11ൽ നാം ഇങ്ങനെ വായിക്കുന്നു. നീ പ്രവാസികളുടെ അടുക്കൽ ചെന്ന് അവർ കേട്ടാലും കേൾക്കാഞ്ഞാലും യഹോവയുടെ അരുളപ്പാട് അവരോട് പറയുക.

2. നാം രക്ഷിക്കപ്പെടാത്തവരെ സ്നേഹിക്കുന്നതുകൊണ്ട്. സാക്ഷിയാകണം, (സ്നേഹിക്കുന്നില്ലെങ്കിൽ സ്നേഹിക്കണം). നാം ചെയ്യേണ്ടുന്ന ഏറ്റവും പ്രിയമുള്ള കാര്യം മറ്റുള്ളവരെ രക്ഷയിലേക്ക് ആനയിക്കുക എന്ന പ്രതീക്ഷയോടെ സുവിശേഷം സമ്മാനിക്കുക അല്ലെങ്കിൽ അവതരിപ്പിക്കുക എന്നുള്ളതാണ്. ഗലാത്യർ 5ന്റെ 22ൽ സ്നേഹത്തെ ആത്മാവിന്റെ ഫലത്തിൽ ഒന്നായി എടുത്തുകാട്ടുന്നു. നൽകുക എന്നത് സ്നേഹത്തിന്റെ സ്വഭാവമാണ്. ഉദാ:- യോഹന്നാൻ 3:16ൽ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.

3. സാക്ഷിയാകുക, കാരണം അത് ജ്ഞാനമായതാണ്. സദൃശ്യവാക്യങ്ങൾ 11:30 പറയുന്നു, ജ്ഞാനമായവൻ ഹൃദയങ്ങളെ നേടുന്നു.

4. ജനത്തെ നരകത്തിൽ നിന്ന് രക്ഷിക്കുവാൻ; ഏറ്റവും തീവ്രമായ ശാരീരിക മാനസിക വേദനയുടെയും, ദൈവത്തിൽ നിന്നു ള്ള നിത്യമായ വേർപാടിന്റെയും ഭയപ്പെടുത്തുന്ന സ്ഥലമാണ് നരകം. രക്ഷിക്കപ്പെടാത്തവർ അവിടേക്ക് പോകുന്നു. സാക്ഷിയാകുക എന്നത് അങ്ങനെയുള്ളവരെ രക്ഷിക്കുവാനുള്ള ഒരു ഉദ്യമമാണ്.

5. സാക്ഷിയാകുക, കാരണം അത് ദൈവത്തെ പ്രസാദിപ്പിക്കുന്നതും അവന്റെ നാമത്തിന് മഹത്വം കൊടുക്കുന്നതുമാണ്.

അവസാനത്തേയും പ്രധാനമായതും- എന്തുകൊണ്ട് നാം സാക്ഷിയാകണം?

നാം സാക്ഷിയാകുക, അതിലൂടെ മറ്റുള്ളവർക്ക് ദൈവിക സ്നേഹവും കൂട്ടായ്മയും കണ്ടെത്തുവാൻ കഴിയും (1യോഹന്നാൻ 3:1). അതാണ് എല്ലാ നിധിയിലും വിലയേറിയത്. രക്ഷ എന്നതിനേക്കാൾ മഹത്തരമായ ഒരു സമ്മാനമില്ല. ഇതൊരു പാപിയെ പാപത്തിൽ നിന്നും വിമുക്തനാക്കുന്നു, ഇത് നഷ്ടപ്പെട്ടുപോയവനെ നിത്യനാശത്തിൽ നിന്നും വിടുവിക്കുന്നു. ഇത് സത്യവാനും ജീവിക്കുന്നവനുമായ ദൈവത്തെ അറിയാത്തവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു.

ഒരുവൻ ന്യായവിധിയിൽ നിന്നും രക്ഷ പ്രാപിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൂതന്മാർ വളരെ സന്തോഷിക്കുന്നു (ലൂക്കൊസ് 15:10- അങ്ങനെ തന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകുന്നു). ക്രിസ്ത്യാനികളായ നാം സന്തോഷിക്കേണ്ടതല്ലേ? നഷ്ടപ്പെട്ടുപോയവനെക്കുറി

(ശേഷം രണ്ടാം പേജിൽ)

## വേദവിചാരം

## കൃപയുടെ വിദ്യാലയം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

അർഹതയില്ലാത്ത സ്ഥാനത്ത് നമുക്ക് ലഭിക്കുന്ന സ്നേഹവും പ്രസാദവുമാണ് ദൈവകൃപ എന്ന വാക്ക് അർത്ഥമാക്കുന്നത്. മനുഷ്യഹൃദയങ്ങളിൽ മൂർത്തമായോ, അമൂർത്തമായോ, അക്ഷരികമായോ, ആലങ്കാരികമായോ, ആത്മീയമായോ ഉണ്ടാകുന്ന ദൈവിക സ്വാധീനമാണത്. ദൈവിക സ്വാധീനവും തുടർന്നുണ്ടായ മാനുഷിക പ്രതികരണങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അംഗീകാര്യമായ നന്മ, ദൈവിക പ്രസാദം, ദൈവിക ദാനം എന്നെല്ലാം അത് അർത്ഥമാകുന്നു. വിമോചനത്തിന്റെ ശബ്ദം മുഴക്കുന്നു. അങ്ങനെ തീർത്തും ദൈവികമായ ശ്രോതസ്സിൽ നിന്ന് ഒഴുകിയെത്തുന്ന ഒന്നാണ് ദൈവകൃപ. മനുഷ്യന് അത് അനുഭവിക്കുവാനും, ആസ്വദിക്കുവാനും ദൈവം ഭാഗ്യം നൽകിയിരിക്കുന്നു.

തീത്തൊസിന്റെ ലേഖനം 2-ാം അദ്ധ്യായം അവസാനിക്കുന്നത് സകല മനുഷ്യർക്കും രക്ഷാകരമായി ഉദിച്ച ദൈവകൃപയുടെ വർണ്ണനയോടെയാണ്. "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ടും ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടി ജീവിച്ചുപോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ച് വളർത്തുന്നു" (തീത്തൊസ് 2:11-13). പാപത്തിനടിമയായ മനുഷ്യനെ രക്ഷിച്ച് ദൈവിക പാഠങ്ങളെ പഠിപ്പിക്കുന്ന ദൈവിക കൃപയുടെ വിദ്യാലയത്തെയാണ് ഈ വാക്യങ്ങൾ വിവരിച്ച് കാണിക്കുന്നത്. ദൈവകൃപ നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ അതീവ ഗൗരവമുള്ളതാണ്. നമ്മുടെ ജീവിതവുമായി ഏറ്റവും ബന്ധമുള്ളവയുമാണ്. ക്രിസ്തീയ ജീവിതം എന്താണെന്ന് ദൈവകൃപ നമ്മെ പഠിപ്പിക്കുന്നു. ഈ വിദ്യാലയത്തിലെ അധ്യാപകൻ പരിശുദ്ധാത്മാവാണ്. ക്രിസ്തീയ ജീവിതത്തിൽ നാം ഉപേക്ഷിക്കേണ്ട വസ്തുതകളിലേക്ക് ദൈവകൃപ വിരൽ ചൂണ്ടുന്നു. അധർമ്മത്തിൽ നിന്നും അടർത്തിയെടുത്ത് മനുഷ്യനെ അനുദിനം വിശുദ്ധിയിൽ വളർത്തിക്കൊണ്ട് വരുവാനാണ് ദൈവകൃപ പ്രാവർത്തികമാകുന്നത്. കൃപയുടെ സുവിശേഷം രക്ഷയിലേക്ക് മനുഷ്യനെ നയിക്കുക മാത്രമല്ല ആത്മീയജീവിതത്തിന് മാർഗ്ഗരേഖ നിർദ്ദേശിക്കുകയും ചെയ്യുന്നു. മനുഷ്യൻ വർജ്ജിക്കേണ്ടതായ വസ്തുതകളെ ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നു.

(1). **ഭക്തികേട് (ungodliness)** ദൈവത്തിന്റെ സ്വരൂപത്തിലും സദൃശ്യത്തിലും സൃഷ്ടിയ്ക്കപ്പെട്ട മനുഷ്യൻ ദൈവത്തെ ഭയപ്പെടുവാൻ വിളിക്കപ്പെട്ടവനാണ്. എന്നാൽ, ഇന്ന് മനുഷ്യർക്ക് ദൈവഭയമില്ല. ഇവിടെയാണ് ആത്മീയമായ ശിക്ഷണം ആവശ്യമായിരിക്കുന്നത്. ദൈവത്തിന് മഹത്വം നൽകാത്തതെല്ലാം അഭക്തിയാണെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. നാം എന്ത് ചെയ്താലും അത് ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യണം എന്ന് ദൈവവചനം അനുശാസിക്കുന്നു (1കൊരി. 10:31). നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളും ദൈവത്തെ പ്രസാദിപ്പിക്കുന്നതാകണം. എല്ലാ അഭക്തിയും ഉപേക്ഷിക്കണം.

(2). **പ്രപഞ്ച മോഹങ്ങൾ (wordly lusts)** പ്രപഞ്ച മോഹങ്ങൾ വർജ്ജിക്കാനുള്ള ഉപദേശം പുതിയ നിയമത്തിൽ ശക്തമായി നിലകൊള്ളുന്നു. പ്രപഞ്ച മോഹങ്ങളുമായി യേശുവിനെ പരീക്ഷിക്കുവാനെത്തിയ പിശാചിനെ യേശു തോൽപ്പിച്ചു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല (1യോഹ. 2:15,16). ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ ഗുണാത്മക വശങ്ങളെക്കുറിച്ചും ദൈവകൃപ പഠിപ്പിക്കുന്നു. നാം സ്വീകരിക്കേണ്ടതായ ചില കാര്യങ്ങൾ ഇവിടെ കാണുവാൻ കഴിയുന്നു. സുബോധം, നീതി, ദൈവഭക്തി എന്നീ ത്രിവിധ ഗുണങ്ങൾ ദൈവകൃപ പഠിപ്പിക്കുന്നു. സുബോധം നമ്മോടുതന്നെയാണ് വേണ്ടത്. ദുർന്നടപ്പ്, അശുദ്ധി എന്നിവയിൽ നാം മുൻപ് ജീവിച്ചുപോന്നു. പാപം നിറഞ്ഞ പഴയ മനുഷ്യനെ അവന്റെ സകല പ്രവർത്തികളോടും കൂടെ ഉപേക്ഷിച്ച് നമ്മെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പുതിയ മനുഷ്യനെ നാം ധരിക്കേണം (കൊലൊ. 3:5-10). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ അത് പുതുതായി തീർന്നിരിക്കുന്നു (2കൊരി. 5:17).

നീതി നമ്മുടെ സഹോദരങ്ങളോടാണ് വെളിപ്പെടുത്തേണ്ടത്. ആർക്കും തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുൻപിൽ യോഗ്യമായത് മുൻകരുതി സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ എന്ന് വചനം പറയുന്നു (റോമർ 12:17-21). സ്നേഹത്തിന്റെ മാർഗ്ഗത്തിലൂടെയാണ് നാം നീതി പ്രവർത്തിക്കേണ്ടത്. അങ്ങനെ മനുഷ്യൻ നമ്മുടെ നല്ല പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുവാൻ അവസരമുണ്ടാകണം (മത്തായി 5:16).

ദൈവഭക്തി ദൈവത്തോടാണ് ഉണ്ടാകേണ്ടത്. വാക്കിനാലോ ക്രിയയാലോ നാം എന്ത് ചെയ്താലും സകലവും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്തും ദൈവത്തിന് സ്തോത്രം അർപ്പിച്ചും കൊണ്ടായിരിക്കണമെന്ന് പൌലൊസ് പഠിപ്പിക്കുന്നു (കൊലൊസ്സ്യർ 3:17). അതുമൂലം ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും നാം ഇടിച്ചുകളയണം (2കൊരിന്ത്യർ 10:5). ഭയ ഭക്തിയോടും ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടും നമ്മുടെ ജീവിതം നയിക്കണം. ഇങ്ങനെയുള്ള വിലയേറിയ പാഠങ്ങൾ കൃപയുടെ വിദ്യാലയത്തിൽ നിന്നുമാത്രമാണ് നമുക്ക് പഠിക്കുവാനും പ്രാവർത്തികമാക്കുവാനും കഴിയുന്നത്.

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാദൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442